# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 4-1406/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 4-1406/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മികാന്ത് പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജ്യോതിപ്രഭ.കെ.വി | പ്രസിഡന്റ് | 01-04-2022 | 11-07-2022 |
| ശ്രീ.ജി.ലാൽ മാളവ്യ | പ്രസിഡന്റ് | 12-07-2022 | 02-08-2022 |
| ശ്രീമതി.ജ്യോതിപ്രഭ.കെ.വി | പ്രസിഡന്റ് | 03-08-2022 | 31-03-2023 |
| ശ്രീമതി.ജെ.ബീനാമോൾ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നാജിത.ജെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഐസക് സാം | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 10-04-2022 |
| ഡോ.ശങ്കര നാരായണൻ | സീനിയർ വെറ്ററിനറി സർജൻ | 11-04-2022 | 31-03-2023 |
| ശ്രീമതി.നിള.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ തനൂജ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 10-06-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 11-06-2022 | 13-06-2022 |
| ഡോ.ലേഖ.ആർ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 14-06-2022 | 31-03-2023 |
| ഡോ.അജിത് കുമാർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സുനിൽകുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിജി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീദേവി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രിയങ്ക | ഡയറി ഫാം ഇൻസ്റ്റ്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പൂജ ചിത്തിര | ഫിഷറീസ് ഇൻസ്റ്റ്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലേഖ.പി | ഹെഡ്മിസ്ട്രസ്സ് ,ഗവ.യു.പി.എസ്. (ഇൻ ചാർജ്) | 01-04-2022 | 07-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ലിസൻ ബേബി | ഹെഡ്മിസ്ട്രസ്സ് , ഗവ.യു.പി.എസ് | 08-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൌണ്ടിംഗ്ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | വസ്തുനികുതി -ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-6 |
| 8 | ഡിപ്രീസിയേഷൻ കണക്കാക്കിയില്ല | 1-1-7 |
| 9 | തുക ക്രമീകരിച്ചില്ല | 1-1-8 |
| 10 | നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക - ബാലൻസ് ഷീറ്റിൽ രേഖപ്പടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-11 |
| 21 | വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം | 1-12 |
| 22 | വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പടുന്നു | 1-13 |
| 23 | കടമുറികൾ ലേലം ചെയ്യാത്തതിനാൽ വരുമാന നഷ്ടം | 1-14 |
| 24 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ' തരത്തിലല്ല – അധിക ചെലവ് | 1-15 |
| 25 | സ്ട്രീറ്റ് മെയിൻ നീട്ടൽ പ്രോജക്ട്- പ്രവൃത്തി പൂർത്തിയായില്ല | 1-16 |
| 26 | മത്സ്യത്തൊഴിലാളികൾക്ക് പിവിസി വാട്ടർ ടാങ്ക് -കുറഞ്ഞ നിരക്ക് | 1-17 |

| | | |
|---|---|---|
| | അംഗീകരിച്ചില്ല | |
| 27 | MCF-നിർമ്മാണം-ഇതുവരെ പ്രവർത്തനം ആരംഭിച്ചില്ല | 1-18 |
| 28 | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ | 1-19 |
| 29 | ചെലവഴിക്കുകയോ തിരികെ നൽകുകയോ ചെയ്യാതെ തുക ബാധ്യത ആയി നിലനിർത്തുന്നു | 1-20 |
| 30 | വക്കീൽ ഫീസ് നൽകിയത് - ആദായനികുതി ഈടാക്കിയില്ല | 1-21 |
| 31 | തെരുവ് വിളക്ക് മെയിന്റനൻസ് - ന്യൂനതകൾ | 1-22 |
| 32 | ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-23 |
| 33 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല | 1-24 |
| 34 | കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി തുക അനുവദിക്കുന്നു | 1-25 |
| 35 | ഒരേ കാലയളവിൽ പ്രൈസ്-3 സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ച പ്രവൃത്തിയിൽ എർത്ത് വർക്ക് എക്സ്കവേഷന് കുറഞ്ഞ നിരക്കും കൂടിയ നിരക്കും നൽകി | 1-26 |
| 36 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-27 |
| 37 | മരണശേഷവും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പെൻഷൻ അനുവദിക്കുന്നു | 1-28 |
| 38 | പ്രോജക്ട് ഭേദഗതി ചെയ്യാതെ അധിക തുക അനുവദിച്ചു | 1-29 |
| 39 | അഗതി ആശ്രയ ഭക്ഷണവിതരണം | 1-30 |
| 40 | പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെട്ട ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-31 |
| | **ഭാഗം 2** | |
| 1 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 2 | വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം | 2-2 |
| | **ഭാഗം 3** | |
| 1 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ' തരത്തിലല്ല – അധിക ചെലവ് | 3-1 |
| 2 | മത്സ്യത്തൊഴിലാളികൾക്ക് പിവിസി വാട്ടർ ടാങ്ക് -കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല | 3-2 |
| 3 | കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി തുക അനുവദിക്കുന്നു | 3-3 |
| 4 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി | 3-4 |

| | | |
|---|---|---|
| | സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല | |
| 5 | വക്കീൽ ഫീസ് നൽകിയത് - ആദായനികുതി ഈടാക്കിയില്ല | 3-5 |
| 6 | തെരുവ് വിളക്ക് മെയിന്റനൻസ് കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023-ലെ ജനറൽ കമ്മറ്റി തീരുമാനം 1(1) പ്രകാരം തയ്യാറാക്കി 07.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുതുകുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)കംപ്ട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മുതുകുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൌണ്ടിംഗ്ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്)പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കും വിധം ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-1-4 വസ്തുനികുതി -ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി (Residential & Non-Residential) ഡിമാന്റ് (22,49,462/-&11,32,221/-) കളക്ഷൻ തുകകൾ സഞ്ചയയിലെ ഡിമാന്റ്, (22,61,128/-&11,41,032/-) കളക്ഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-5 ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

1-1-6 തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

MGNREGS അഡ്മിൻ ചെലവ് (944100/-) മാത്രം I 14 (F) ൽ ഉൾപ്പെടുത്തേണ്ടതിന് പകരം EFMS (46942025/-) ചെലവ് തുകയും (47193569/-) ചേർത്തിരിക്കുന്നു.

1-1-7 ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

ചുവടെ ചേർക്കുന്നവയുടെ ഡിപ്രീസിയേഷൻ കണക്കാക്കാതെ 2021-22 ലെ ആസ്തിമൂല്യം ബാലൻസ്ഷീറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ചേർത്തിരിക്കുന്നു.

| ശീർഷകം | ഇനം |
|---|---|
| 416100103 | Sewerage & Drainage |
| 416100104 | Waterways |
| 416100110 | Other Fixed Assets |

1-1-8 തുക ക്രമീകരിച്ചില്ല

എസ് ബി ഐ ഇ പേമെന്റ് അക്കൌണ്ടിന്റെ 31.03.23-ലെ റെകൺസലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ആയി ചേർത്ത തുക (1697/ 04.06.22) ക്രമീകരിച്ചിട്ടില്ല. ഐകെഎം ൽ നിന്നും ബാങ്കിലേക്ക് തുക ക്രെഡിറ്റ് ആകാത്തതാണ് തുക ക്രമീകരിക്കാത്തതിന് കാരണമായി അറിയിച്ചത്.

### 1-1-9 നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക - ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

പ്രോജക്ട് നം.S0135/23 മിനി എംസിഎഫ് നിർമ്മാണത്തിനായി കോസ്റ്റ്ഫോർഡിൽ 12,84,400/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B18ഷെഡ്യൂളിൽ 6,42,200/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. പ്രോജക്ട് നം.S0001/23 പ്രകാരം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ ആയി 12,55,260/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B18ഷെഡ്യൂളിൽ 11,94,000/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ തന്നെ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്തത്.

1-1-1 മുതൽ 1-1-9 വരെയായി വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/24.11.23) അപാകതകൾ പരിഹരിച്ച് 2023-24 വർഷത്തെ വാർഷികകണക്ക് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചു. അപാകതകൾ ഒഴിവാക്കി വാർഷികകണക്ക് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 22.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 06.3.23-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,26,80,947 | 15,93,84,700 |
| പുതുക്കിയ ബജറ്റ് പ്രകാരം | 15,62,50,637 | 15,41,70,024 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 13,47,62,039 | 13,66,16,492 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,14,96,486 രൂപ |
| വരവ് | 3,73,19,275 രൂപ |
| ആകെ | 4,88,15,761 രൂപ |
| ചെലവ് | 3,81,25,807 രൂപ |
| നീക്കിയിരിപ്പ് | 1,06,89,954 രൂപ |

### 1-4 ഫണ്ട് വിനിയോഗം

| | ഫണ്ടിനം | മുൻബാക്കി (രൂപ) | വരവ്(സോഴ്സ് ഡിഡക്ഷൻ | ആകെ(രൂപ) | ചെലവ്(സോഴ്സ് ഡിഡക്ഷൻ | നീക്കിയിരുപ്പ് /ലാപ്സായ |
|---|---|---|---|---|---|---|

| | | ഉൾപ്പടെ) (രൂപ) | | ഉൾപ്പടെ)(രൂപ) | തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 1,73,14,000 | 1,73,14,000 | 1,67,32,821 | 581179* |
| വികസനഫണ്ട് (എസ്.സി.പി) | 00 | 46,11,000 | 46,11,000 | 41,97,179 | 413821* |
| സംരക്ഷണഗ്രാന്റ് (റോഡ്) | 00 | 68,34,000 | 68,34,000 | 32,38,121 | 35,95,879* |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 00 | 45,70,000 | 45,70,000 | 39,64,621 | 6,05,379* |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 10,36,830 | 34,68,000 | 45,04,830 | 27,37,512 | 17,67,318 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | 00 | 6,50,044 | 6,50,044 | 4,70,796 | 1,79,248* |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ബാങ്ക്) | 18,035 | 24,07,946 (95,946/-രൂപ പലിശ ഉൾപ്പെടെ) | 24,25,981 | 21,05,084 | 3,20,897 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് (ട്രഷറി) | 00 | 1,02,195 | 1,02,195 | 1,02,195 | 00 |

* ലാപ്സായ തുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 7,37,52,051 | 102 | 4,51,41,345 | 0 | 27 | 79 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 783 | 9,43,454 | 9,44,237 | 9,44,100 | 137 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 4,69,42,025 | 4,69,42,025 | 4,69,42,025 | 0 |
| ആകെ | 783 | 4,78,85,479 | 4,78,86,262 | 4,78,86,125 | 137 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31,560 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 31,36,400 | 230 |
| വിധവാ പെൻഷൻ | 89,12,400 | 758 |
| വാർദ്ധക്യകാല പെൻഷൻ | 1,86,69,600 | 1673 |
| വികലാംഗ പെൻഷൻ | 30,98,200 | 237 |
| അവിവാഹിത പെൻഷൻ | 7,20,800 | 60 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2023 തീയതിയിൽ 03:05 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66,448/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭൂരിഭാഗം പ്രോജക്റ്റ് ഫയലുകളിലും മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2.പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

3.പഞ്ചായത്തിന്റെ KL_29-L-2345 എന്ന വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. 6 മാസം കൂടുമ്പോൾ വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല. .

4.സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5.സ്റ്റേഷനറി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും, അധികാര ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6.ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ,നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബജറ്റും വരവുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.09.2022 തിയതിയിലെ 2(1)-ാം തീരുമാന പ്രകാരം നിശ്ചയിച്ചതനുസരിച്ച് 16.12.22 മുതൽ 28.12.22 വരെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുകയും മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 26.04.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്ത ശിപാർശകൾ 13.07.2023 തീയതിയിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് കമ്മറ്റിയുടെ 8(1)-ാം നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും തമ്മിലുള്ള അന്തരം താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | ആകെ |
|---|---|---|---|
| ILGMS പ്രകാരമുള്ള വരവ് | 2249462 | 1132221 | 3381683 |
| സഞ്ചയ പ്രകാരമുള്ള വരവ് | 2261128 | 1141032 | 3402160 |

വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച ശിപാർശകൾ ജനറൽ കമ്മറ്റിയുടെ 13.07.2023 തീയതിയിലെ 8(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം നടത്തി സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുന്നതിന് മുൻപ് 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിച്ചിരുന്നില്ല,കുടിശ്ശിക ഭാവിയിൽ ടി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖല വിഭജനം പരിഷ്കരിക്കാതെ 2013-ലെ മേഖലാ വിജ്ഞാപനം നിലനിർത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡ് മാപ്പിൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടില്ല. സഞ്ജയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ UA റെജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ് ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട് ഇതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ല.

തൊഴിൽ നികുതി

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/ തീയതി:22.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്.

6) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

1-11 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കെ.ആർ.നിധി ലിമിറ്റഡ് | 2022-23 I$^{st}$ & II$^{nd}$ | 1250X2=2500 |
| 2 | കോർഡിയൽ ഗ്രാമീൺ ഫിനാൻസ് | 2022-23 I$^{st}$ & II$^{nd}$ | 1250X2=2500 |

| | | | |
|---|---|---|---|
| 3 | ലക്ഷ്മി ഫിനാൻസ് | 2022-23 I[st] & II[nd] | 1250X2=2500 |
| | ആകെ | | 7,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 7,500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:11,27/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപ്പഞ്ചായത്തിലെ 10-ാം വാർഡിൽ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും 5 മീറ്ററിലധികം വഴി സൌകര്യമുള്ളതും ഗീതാകുമാരി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ 108.52 ച.മീ. വിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം: 10/16A, 10/16B, 10/16C, 10/16D) കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച:മീറ്ററിന് 50/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 4 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി | കണക്കാക്കിയ വസ്തുനികുതി (സഞ്ചയ പ്രകാരം ) |
|---|---|
| അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%)+<br>സർവീസ് ചാർജ്(5%)+ | അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%) + |

| | | |
|---|---|---|
| ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്: 50രൂ /ച.മീ.) | | സർവീസ് ചാർജ്(5%) +<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്: 40രൂ /ച.മീ.) |
| അടിസ്ഥാന നികുതി<br>108.52 X50 = 5426/-<br>വഴിസൌകര്യം(വർദ്ധനവ്20%)= 1085.2/-<br>ആകെ = 5426+1085.2 = 6511.2<br>സർവീസ് ചാർജ്(5%)= 326/-<br>ലൈബ്രറി സെസ്സ് (5%)= 326/-<br>ആകെ = 5426+1085+326+326<br>= 7,163/-/- | | 1) 10/16 A- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>2) 10/16 B- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>3) 10/16 C- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>4) 10/16 D- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>ആകെ = 5,728 /- |
| ആകെ | 7,163/- | 5,728/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 1,435/- |

മേൽ സൂചിപ്പിച്ച 4 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 1,435/-രൂപയുടെ നഷ്ടം ഉണ്ടായി. ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/തീയതി 26.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഈടാക്കേണ്ട 1,435/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു

കേരള കെട്ടിട നികുതി നിയമം 1975, വകുപ്പ് 5 എ പ്രകാരമുള്ള രസീത്/വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ പകർപ്പ് ഹാജരാക്കിയശേഷം മാത്രമേ വസ്തുനികുതി നിർണ്ണയവും നമ്പർ നൽകലും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്താവൂ എന്ന് സ.ഉ(എം.എസ്) 231/15 തസ്വഭവ തീയതി 9.7.2015 നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പെർമിറ്റും നമ്പറിങ്ങും സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപായി കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ റിട്ടേൺ പകർപ്പ് കെട്ടിട ഉടമകൾ ഹാജരാക്കുന്നില്ല. ഈ പരിശോധന നടത്താതെയാണ് പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നത്. ഇതുമൂലം സർക്കാരിന് ലഭിക്കേണ്ട നികുതി യഥാകാലം ലഭിക്കാതെ പോകുവാനോ നഷ്ടപ്പെടുവാൻ പോലുമോ സാദ്ധ്യതയുണ്ട്. കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുകയുള്ളൂ എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/ 26.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം അനുസരിച്ച് കൊണ്ട് മേൽപ്പറഞ്ഞ കെട്ടിട നികുതി ഒടുക്കി എന്ന് ഉറപ്പാക്കിയ ശേഷം മാത്രം വസ്തുനികുതി നിർണ്ണയം

നടത്തി കെട്ടിട നമ്പർ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-14 കടമുറികൾ ലേലം ചെയ്യാത്തതിനാൽ വരുമാന നഷ്ടം

പ്രോജക്ട് നം: S0009/23

പേര് : ഷോപ്പിങ് കോംപ്ലക്സ് അറ്റകുറ്റപണികൾ

അടങ്കൽ : 4,00,000/- (വികസന ഫണ്ട്)

ചെലവ് : 3,55,031/-

ഗ്രാമപഞ്ചായത്തിന്റെ 9-ാം വാർഡിലെ പബ്ലിക് മാർക്കറ്റ് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിങ് കോംപ്ലക്സിലെ 4 കടമുറികൾ മേൽ പദ്ധതിപ്രകാരം അറ്റകുറ്റപണികൾ നടത്തി 03.03.2023-ൽ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. 3,53,031/- രൂപ ചെലവഴിച്ച് അറ്റകുറ്റപണികൾ നടത്തി പണി പൂർത്തീകരിച്ച ടി കെട്ടിടം ഓഡിറ്റ് കാലയളവിൽ സ്ഥല പരിശോധന നടത്തിയ സമയത്തും അടഞ്ഞ് കിടന്നിരുന്നതിനാൽ വാടക ഇനത്തിൽ 8 മാസത്തെ തുക പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.ഇത്തരത്തിൽ കട മുറികൾ ലേലം കൊണ്ട് വാടകയ്ക്ക് കൊടുക്കാത്തത് മൂലം വാടക ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:21/28.11.23) കാർത്തികപ്പള്ളി ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഷോപ്പിങ് കോംപ്ലക്സ് പൂർണ്ണമായി കൈമാറുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ച് അറ്റകുറ്റപണികൾ നടത്തിയ ടി ഷോപ്പിങ് കോംപ്ലക്സ് എത്രയും വേഗം പ്രവർത്തന ക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അറ്റകുറ്റപണികൾ നടത്തിയ കട മുറികൾ ലേലം ചെയ്യാതെ അടഞ്ഞ് കിടക്കുന്ന ചിത്രം ചുവടെ ചേർക്കുന്നു.





### 1-15 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ' തരത്തിലല്ല - അധിക ചെലവ്

സ.ഉ(അ)നം.01/04/ഐ&പി.ആർ.ഡി തീയതി 01.01.2004, പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 21.06.2004-ലെ 7441/ഡി-1/04/ഐ&പി.ആർ.ഡി നമ്പർ സർക്കുലർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം) മാത്രമായിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക പദ്ധതികളുടെ ടെൻഡർ നടപടി ക്രമങ്ങൾക്ക് പത്രത്തിൽ നല്കിയ പരസ്യം നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളതായിരുന്നു. തന്മൂലം അധിക ചെലവിനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം./ തീയതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം / നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 22200078 | 321000121705 | 40 $Cm^2$ | 11,000/- | 3x8 =24 $Cm^2$ | 3927 |

| | | | | | | |
|---|---|---|---|---|---|---|
| | 09/05/22 | 27.03.22<br>മാതൃഭൂമി | 275/cm$^2$ | Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | |
| 2 | 22200079<br>09/05/22 | 321000117415<br>17.03.22<br>മാതൃഭൂമി | 40 Cm$^2$<br>275/cm$^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3×8 =24 Cm$^2$<br>24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 3 | 22200092<br>12/05/22 | 321000109073<br>25.02.22<br>മാതൃഭൂമി | 40 Cm$^2$<br>275/cm$^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3×8 =24 Cm$^2$<br>24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 4 | 22200103<br>23/05/22 | 321000119274<br>19.03.22<br>മാതൃഭൂമി | 64 Cm$^2$<br>275/cm$^2$ | 17,600/-<br>Discount 15%<br>(-)2640<br>(+)GST (5%)748<br>=15708 | 3×8 =24 Cm$^2$<br>24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 9817 |
| 5 | 22200108<br>24/05/22 | 321000008377<br>26.04.22<br>മാതൃഭൂമി | 40 Cm$^2$<br>290/cm$^2$ | 11,600/-<br>Discount 15%<br>(-)1740<br>(+)GST (5%)493<br>=10,353 | 3×8 =24 Cm$^2$<br>24×290=<br>6960<br>Discount 15%<br>(-)1044<br>(+)GST (5%)296<br>=6212 | 4141 |
| 6 | 22200115 | 321000069231 | 48 Cm$^2$ | 13,200/- | 3×8 =24 Cm$^2$ | 5890 |

| | | | | | | |
|---|---|---|---|---|---|---|
| | 31/05/22 | 14.11.21<br>മാതൃഭൂമി | 275/cm$^2$ | Discount 15%<br>(-)1980<br>(+)GST (5%)561<br>=11781 | 24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | |
| 7 | 22200149<br>08/06/22 | 321000055975<br>09.10.21<br>മാതൃഭൂമി | 40 Cm$^2$<br>275/cm$^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3×8 =24 Cm$^2$<br>24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 8 | 22200149<br>08/06/22 | ALP/21<br>/22/1882<br>17/2/22<br>ദേശാഭിമാനി | 32 Cm$^2$<br>180/cm$^2$ | 5760/-<br>Discount 15%<br>(-)864<br>(+)GST (5%)245<br>=5141 | 24×180=<br>4320<br>Discount 15%<br>(-)648<br>(+)GST (5%)184<br>=3856 | 1285 |
| 9 | 22200696<br>10.01.23 | 321000041754<br>26.07.22<br>മാതൃഭൂമി | 32 Cm$^2$<br>290/cm$^2$ | 9280/-<br>Discount 15%<br>(-)1392<br>(+)GST (5%)395<br>=8283 | 3×8 =24 Cm$^2$<br>24×290=<br>6960<br>Discount 15%<br>(-)1044<br>(+)GST (5%)296<br>=6212 | 2071 |
| 10 | 22200474<br>17.10.22 | 321000034184<br>03.07.22<br>മാതൃഭൂമി | 40 Cm$^2$<br>290/cm$^2$ | 11,600/-<br>Discount 15%<br>(-)1740<br>(+)GST (5%)493<br>=10,353 | 3×8 =24 Cm$^2$<br>24×290=<br>6960<br>Discount 15%<br>(-)1044<br>(+)GST (5%)296<br>=6212 | 4141 |

| | | | | | |
|---|---|---|---|---|---|
| | 321000047948<br>12.08.22<br>മാതൃഭൂമി | 32 $Cm^2$<br>290/$cm^2$ | 9280/-<br>Discount 15%<br>(-)1392<br>(+)GST (5%)395<br>=8283 | 3×8 =24 $Cm^2$<br>24×290=<br>6960<br>Discount 15%<br>(-)1044<br>(+)GST (5%)296<br>=6212 | 2071 |
| | ആകെ | | | | 45,124/- |

സർക്കാർ നിർദ്ദേശം പാലിക്കാതെ ഇത്തരത്തിൽ ചട്ട വിരുദ്ധമായി അനുവദനീയമായതിലും അധികം വലുപ്പത്തിൽ പത്രങ്ങളിൽ പരസ്യങ്ങൾ നൽകിയത് മൂലം 45,124/- രൂപയുടെ അധികച്ചെലവിനിടയായി. തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിച്ച് പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 45,124/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ടെണ്ടർ/ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് മെയിൻ നീട്ടൽ പ്രോജക്ട്- പ്രവൃത്തി പൂർത്തിയായില്ല

പ്രോജക്ട് നം.S0001/23

പ്രോജക്ടിന്റെ പേര് – സ്ട്രീറ്റ് മെയിൻ നീട്ടൽ

നിർവ്വഹണം – സെക്രട്ടറി

വികസന ഫണ്ട് - 61260

ധനകാര്യകമ്മീഷൻ അവാർഡ് - 1194000

ജില്ലാപഞ്ചായത്ത് - 700000

ആകെ അടങ്കൽ- 1955260

ചെലവ് - 1255260 /-

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്ന പ്രോജക്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ മുതുകുളത്തിന് 12,55,260/- രൂപ കൈമാറിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്. കരാറിലേർപ്പെടുന്നതിനായി വാങ്ങിയ DK 713508, DK 713509 എന്നീ സീരിയൽ നമ്പറിലുള്ള മുദ്രപ്പത്രം വ്യവസ്ഥകളൊന്നും തന്നെ രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നതിനാൽ പ്രവൃത്തി എന്ന് ആരംഭിക്കുമെന്നോ എന്ന് അവസാനിക്കുമെന്നോ വ്യക്തമല്ല. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 12,55,260/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

(1)400020/- 123/06/02/2023

(2)793980/-124/14/02/2023

(3)61260/- BRN1146572/06/02/23

## 1-17 മത്സ്യത്തൊഴിലാളികൾക്ക് പിവിസി വാട്ടർ ടാങ്ക് -കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രോജക്ട് നം. S0152/23

പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികൾക്ക് പിവിസി ടാങ്ക്

അടങ്കൽ - 75,000/- (വികസനഫണ്ട്)

ചെലവ് - 47220/- (ബിൽ നം. 01/22-23/31.03.23)

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ മത്സ്യത്തൊഴിലാളികൾക്ക് പിവിസി ടാങ്ക് പദ്ധതിയുടെ ടെൻഡർ പരസ്യത്തിൽ (എ1 /647/2023 തീയതി 27.2.23) പിവിസി ടാങ്കിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയത് വെള്ള നിറത്തിലുള്ള ടാങ്ക്, 500ലി.കപ്പാസിറ്റി 3 ലെയർ ISI Certified എന്നാണ്. സൌത്ത് ഇൻ പോളിമേഴ്സ്, പുത്തൻപുരക്കൽ ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങളാണ് പദ്ധതിക്കായി ക്വട്ടേഷൻ സമർപ്പിച്ചത്. സൌത്ത് ഇൻ പോളിമേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്പെസിഫിക്കേഷൻ | തുക |
|---|---|
| വെള്ള നിറത്തിലുള്ള ടാങ്ക്, 500ലി.കപ്പാസിറ്റി 3 ലെയർ,ISO Certified Warranty 10yrs,Weight 16 Kg | 3,149/- |
| വെള്ള നിറത്തിലുള്ള ടാങ്ക്, 500ലി.കപ്പാസിറ്റി 3 ലെയർ,ISO Certified,Warranty 10yrs,Weight 13 Kg | 2,599/- |

എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 14.03.23-ലെ 2(2) തീരുമാന പ്രകാരം 3,149/- രൂപ നിരക്കിൽ സൌത്ത് ഇൻ പോളിമേഴ്സ്, തെങ്കുറിശ്ശി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്നുമാണ് ഇരുപത് വാട്ടർ ടാങ്ക് വാങ്ങിയത്. മേൽ വിവരിച്ച രണ്ട് സ്പെസിഫിക്കേഷനുകൾ പരിശോധിച്ചതിൽ Weight ൽ മാത്രമാണ് വ്യത്യാസമുള്ളത്. Weight ന്റെ വിവരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിരുന്നുമില്ല. Weight ന്റെ വിവരം രേഖപ്പെടുത്താതെ SEATECH WHITE PREMIUM 500 LTR എന്ന് മാത്രമാണ് സാധനം സപ്ലൈ ചെയ്ത Tax Invoice ലും രേഖപ്പെടുത്തിയിട്ടുള്ളത്. ടെൻഡർ പരസ്യത്തിൽ ആവശ്യപ്പെട്ട വിധം സ്പെസിഫിക്കേഷനുള്ള ടാങ്ക് കുറഞ്ഞ നിരക്കിൽ ലഭിക്കുമെന്നിരിക്കെ അത് പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള സാധനം വാങ്ങിയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.11.23) നൽകിയ മറുപടിയിൽ, പിവിസി വാട്ടർ ടാങ്കിന്റെ ഗുണനിലവാരം ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് ഉയർന്നനിരക്കിലുള്ള ടാങ്ക് വാങ്ങിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. വാങ്ങിയ പിവിസി വാട്ടർ ടാങ്കിന്റെ ഗുണമേന്മ നേരിട്ട് ബോധ്യപ്പെട്ടതായുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും (തീയതി 27.11.23) മറുപടിക്കൊപ്പം ഹാജരാക്കി.

എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ ഈ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി പിവിസി വാട്ടർ ടാങ്ക് വാങ്ങിയതിന്റെയോ ആയതിന്റെ ഗുണമേൻമ സംബന്ധിച്ചോ യാതൊരുവിവരവും രേഖപ്പെടുത്തിയിട്ടില്ല. 14.03.23-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലും വാട്ടർ ടാങ്കിന്റെ ഗുണമേൻമ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. "സൌത്ത് ഇൻ പോളിമേഴ്സ്, തെങ്കുറിശ്ശി, പാലക്കാട് എന്നയാളിന്റെ റേറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചുവെന്നും ആയത് പ്രകാരം 3,149/-രൂപ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങുന്നതിന് തീരുമാനിച്ചു" എന്നും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ഹാജരാക്കിയ ഇനങ്ങളുടെ വ്യത്യസ്ത നിരക്ക് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ അഭിപ്രായം അറിയിച്ചതിന്റെ വിവരവും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്താത്തതിൽ നിന്നും നിരക്കിലെ വ്യത്യാസം പഞ്ചായത്ത് കമ്മറ്റി പരിഗണിച്ചില്ല എന്നത് വ്യക്തമാകുന്നു.

മേൽ വിവരിച്ചതിൽ നിന്നും സപ്ലൈ ചെയ്ത സാധനത്തിന്റെ ഗുണമേൻമ സംബന്ധിച്ച് യാതൊരു

വിശകലനവും നടന്നിട്ടില്ല എന്നത് വ്യക്തമാണ്. മാത്രവുമല്ല രണ്ട് ഇനങ്ങൾക്കും സ്ഥാപനം പത്ത് വർഷം ഗ്യാരന്റി ഉറപ്പാക്കുന്നുമുണ്ട്. സാധനത്തിന്റെ ഗുണമേൻമ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ട ചുമതല പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമാകയാൽ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസിഡന്റ് ഹാജരാക്കിയ സാക്ഷ്യപത്രവും പരിഗണിക്കാവുന്നതല്ല. ആയതിനാൽ പദ്ധതിക്കായി അധികം ചെലവഴിച്ച 8,240/- രൂപ [47220(3149x75%x20)-38980 (2599x75%x20)] ഓഡിറ്റിൽ നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കി മറുപടി നൽകേണ്ടതാണ്.

## 1-18 MCF-നിർമ്മാണം-ഇതുവരെ പ്രവർത്തനം ആരംഭിച്ചില്ല

2022-23 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കോസ്റ്റ് ഫോർഡ് മുഖേന നിർമ്മാണം നടത്തിയ 11-ാം വാർഡിൽ MCF നിർമ്മാണം (പ്രോജക്ട് നം.135/23) എന്ന പ്രവൃത്തിയ്ക്കായി തൻവർഷം ആകെ 13,52,000/- രൂപ ചെലവഴിച്ചിരുന്നു. സ്ഥല പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം പൂർത്തിയായ ഈ കെട്ടിടത്തിൽ നാളിതുവരെ MCF പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കണ്ടു. 2022-23 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ കെട്ടിടത്തിൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് ടോയ് ലെറ്റ് ബ്ലോക്കും നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എവിടെയാണ് സൂക്ഷിക്കുന്നത് എന്നും,ഇത് നാളിതുവരെയും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും, ഇതിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/29.11.23) ലഭ്യമാക്കിയ മറുപടിയിൽ ചുറ്റുമതിൽ, ക്യാമറ, വാഹന, ഷെഡ് എന്നിവ നിർമ്മിച്ചതിന് ശേഷം തുറന്ന് പ്രവർത്തിക്കുന്നതാണെന്നും, നിലവിൽ ആയുർവേദ ആശുപത്രിയുടെയും, വെറ്ററിനറി ഹോസ്പിറ്റലിന്റെയും മുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവർത്തനം ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ഇതിനായി ചെലവഴിച്ച 13,52,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.



നിർമ്മാണം പൂർത്തിയായിട്ടും തുറന്ന് പ്രവർത്തിക്കാത്ത MCF ന്റെ ചിത്രം

ചെലവ് വിവരം-

1.ബിൽ നം.121/6-2-23, 676000/- രൂപ

2.BRN1101425816/20-03-23, 30639/-രൂപ

3.ബിൽ നം.182/20-3-23, 344761/-രൂപ

4.ബിൽ നം.181/20-3-23, 300600/-രൂപ

## 1-19 ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ

പ്രോജക്ട് നം.S0062/23

പ്രോജക്ടിന്റെ പേര് – ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ

നിർവ്വഹണം - സെക്രട്ടറി

കേന്ദ്രാവിഷ്കൃത ഫണ്ട് - 350000

തനത് ഫണ്ട് - 150000

ആകെ അടങ്കൽ - 500000

ചെലവ് - 482268/-

ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങുന്നതിനായി KIT Enterprises എന്ന സ്ഥാപനത്തിന് പ്രസ്തുത പ്രോജക്ട് പ്രകാരം 4,82,968/- രൂപ നൽകുകയും സ്ഥാപനം 2 ഇലക്ട്രിക്ക് ഓട്ടോ ലഭ്യമാക്കി ആയത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് നം.KIT/SALES/22-23/003 തീയതി 06.03.23) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി 3 വീലർ ഇലക്ട്രിക്ക് ഓട്ടോറിക്ഷ ടെണ്ടർ നടപടികളില്ലാതെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.09.2022-ലെ GO (Rt) No.2159/2022/ LSGD ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള വാങ്ങലുകൾക്ക് ടി സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള ഇളവുകളായ അടിസ്ഥാന വിലയിൽ 2% കിഴിവ്, ബാറ്ററിക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവ്വീസ് എന്നിവ ഉൾപ്പടെയാണ് അനുമതി. എന്നാൽ സ്ഥാപനം 2 ഇലക്ട്രിക്ക് ഓട്ടോ ലഭ്യമാക്കിയതിനുള്ള ഇൻവോയ്സ് പ്രകാരമുള്ള ആകെ തുകയായ 4,82,968/- രൂപ യും മേൽ പ്രോജക്ടിൽ അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ടി വാഹനം ഉപയോഗിക്കുന്നുണ്ടോ, ഹരിതകർമ്മസേനയിലെ അംഗത്തിന് ഡ്രൈവിംഗിൽ പരിശീലനം നൽകി ഡ്രൈവറായി നിയമിച്ചിട്ടുണ്ടോ, നിലവിൽ ഈ വാഹനത്തിന്റെ അവസ്ഥ എന്താണ്? വാഹനം എവിടെ സൂക്ഷിച്ചിരിക്കുന്നു? വാഹനം വാങ്ങിയതിന് ശേഷവും ശേഖരിച്ച മാലിന്യം എംസിഎഫിലേക്ക് എത്തിക്കുന്നതിന്റെ വാഹന വാടകയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/27.11.23, 25/29.11.23) ലഭ്യമാക്കിയ മറുപടിയിൽ മാലിന്യം കൊണ്ടുപോകുന്നതിന് നിലവിൽ വാഹനം ഉപയോഗിക്കുന്നില്ല എന്നും, KIT എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 2% കിഴിവ് ഒഴികെയുള്ള തുകയായ 4,82,968/- രൂപയാണ് അടവാക്കിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ നിന്നും നൽകിയിട്ടുള്ള ഇൻവോയിസിൽ , അടിസ്ഥാന വിലയിൽ നിന്നും 2% കിഴിവ് നടത്തിയതിന് ശേഷമുള്ള തുകയാണ് ക്ലെയിം ചെയ്തിട്ടുള്ളതെന്ന് സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല .സ്ഥാപനത്തിൽ നിന്നും ഇപ്രകാരം 2% കിഴിവ് വരുത്തിയതിന് ശേഷമുള്ള തുക 4,82,968/- രൂപയാണെന്ന് തെളിയിക്കുന്ന ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്.രേഖകൾ ഹാജരാക്കുന്നതുവരെ അടിസ്ഥാന വിലയായ 4,41,000/-രൂപയുടെ 2% തുകയായ 8,820/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വാഹനം മാലിന്യ സംസ്കരണത്തിന് അടിയന്തരമായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



| |
|---|
| ഉപയോഗിക്കാതെ ഹോമിയോ ആശുപത്രി കോമ്പൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ |

ചെലവ് വിവരം

(1) 132968/-(168/13.03.23)

(2)350000/-(167/13.03.23)

1-20 ചെലവഴിക്കുകയോ തിരികെ നൽകുകയോ ചെയ്യാതെ തുക ബാധ്യത ആയി നിലനിർത്തുന്നു

ബാലൻസ് ഷീറ്റ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന തുകകൾ ചെലവഴിച്ചതായി / തിരികെ നൽകിയതായി കാണുന്നില്ല.
1. Grants, Funds, Contribution For Specific Purpose( B4 ഷെഡ്യൂൾ) – 13175/-
2. Dues To Other LSG's (B9 ഷെഡ്യൂൾ) – 13,000/-
ക്രമ നം.2-ലെ തുക 2016-17 മുതൽ നിലനിൽക്കുന്നതാണെന്നും ഏത് സ്ഥാപനത്തിന് നൽകാനുള്ളതെന്ന് വ്യക്തമാകാത്തതിനാൽ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ക്രമ നം.1-ലെ തുക കാവുകുളം സംരക്ഷണത്തിന് ലഭിച്ചതിന്റെ ബാക്കിയാണെന്നും തുക സർക്കാരിൽ തിരികെ അടക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.03/24.11.23) മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

1-21 വക്കീൽ ഫീസ് നൽകിയത് - ആദായനികുതി ഈടാക്കിയില്ല

മുതുകുളം ഗ്രാമപഞ്ചായത്ത് കക്ഷിയായി വിവിധ കോടതികളിൽ ഉള്ള കേസുകൾക്കായി ഹാജരായ അഡ്വ.അനിൽ കുമാറിന് 2022-23 കാലയളവിൽ വക്കീൽ ഫീസ് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക |
|---|---|
| 22200473 / 17.10.22 | 25,000 |
| 22200493 / 29.10.22 | 1,52,500 |
| 22200940 /25.03.22 | 91,000 |
| ആകെ | 2,68,500 |

1961-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസ് നല്കുമ്പോൾ 10% തുക ടി.ഡി.എസ് അതിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ അഡ്വ.അനിൽ കുമാറിന് മേൽ പ്രകാരം വക്കീൽ ഫീസ് അനുവദിച്ചതിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാതെ ഫീസ് അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.20/29.11.23-ന് ആദായ നികുതി ഇനത്തിൽ ഇടാക്കേണ്ടിയിരുന്ന 26,850/- രൂപ വക്കീലിന്റെ കൈയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ സർക്കാരിനു നഷ്ടമായ 26,850/- രൂപ അഡ്വ.അനിൽകുമാറിൽ നിന്നും

ഈടാക്കി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

## 1-22 തെരുവ് വിളക്ക് മെയിന്റനൻസ് - ന്യൂനതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

1.പ്രോജക്ട് നം. - 134/23(Spill Over)

പ്രോജക്ടിന്റെ പേര് -തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ തുക -150000/- (വികസനഫണ്ട്)

ചെലവ് - 150000/- (BRN 11100451339/24.08.22)

2.പ്രോജക്ട് നം. - 123/23

പ്രോജക്ടിന്റെ പേര് – തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ തുക -2,00,000/- (തനത് ഫണ്ട്)

ചെലവ് - 1,92,000/- (169/13.03.23)

മേൽ പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ച് അനസ് എസ്, ന്യൂ ടെക്ക് അസോസിയേറ്റ്സ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതാണ്. ഓരോവാർഡിലും റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രോജക്ടിലുമായി 3,42,000/- രൂപ ശ്രീ.അനസ് എസ്.ന് അനുവദിച്ചിട്ടുണ്ട്.

I.പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെ വിവരങ്ങൾ, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.തെരുവുവിളക്കുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽഓഫീസറെ ചുമതലപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായുള്ള പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3.തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് വാർഡുതല മോണിട്ടറിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

4.ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി. സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5.പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി.യും സംയുക്തപരിശോധന നടത്തിയെങ്കിലും ആയതിന്റെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. കരാറുകാരനിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല.

പ്രസ്തുത രണ്ട് പ്രോജക്ടിലുമായി 3,42,000/- രൂപ കരാറുകാരനായ ശ്രീ.അനസ് എസ്.ന് നൽകിയിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ ശ്രീ.അനസ് എസ്.ൽ നിന്നും ഇപ്രകാരം നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.11.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും ആദായനികുതി (3,420/- രൂപ) ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന്

അറിയിച്ചു.

1-23 ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു

1. ആദ്യഗഡു കൈപ്പറ്റിയവർ നിലവിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ്ഭവനപദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം അഡ്വാൻസ് കൈപ്പറ്റിയ ശ്രീമതി മൃദുല, കളരിക്കൽ എന്ന ഗുണഭോക്താവ് (40,000/-BRN നം.1200927475/19.12.22) നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെയും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം നിർവ്വഹണ ഉദ്യോഗസ്ഥ വിശദമാക്കിയില്ല. ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കാൻ സന്നദ്ധയാണെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും അല്ല എങ്കിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. തുടർഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

ശ്രീമതി ഗീത, ആതിരഭവനം എന്ന ഗുണഭോക്താവ് 2020-21 വർഷം ഭവനനിർമ്മാണം ആരംഭിച്ച് ആകെ 2,40,000/-രൂപ കൈപ്പറ്റിയെങ്കിലും (2020-21 വർഷം 40,000/-രൂപയും 2021-22 വർഷം 2,00,000/-രൂപയും) നിലവിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

1-24 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകിയിരിക്കുന്നത് ഗ്രാമലക്ഷ്മി മൈക്രോ സംരംഭകയൂണിറ്റ് ആണ്. ടി യൂണിറ്റുമായി സെക്രട്ടറി കരാറിലേർപ്പെട്ടിട്ടുള്ളതുമാണ്. 2022-23 വർഷം വിവിധ ബില്ലുകൾ പ്രകാരം 4,95,000/- രൂപ ഗ്രാമലക്ഷ്മി മൈക്രോ സംരംഭകയൂണിറ്റിന് അനുവദിച്ചിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% സ്ഥാപനങ്ങളാണെങ്കിൽ 2% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് ഗ്രാമലക്ഷ്മി മൈക്രോസംരംഭകയൂണിറ്റിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/27.11.23)നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. 4,95,000/- രൂപയുടെ 2% ആയ 9,900/- ആദായ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-25 കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി തുക അനുവദിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗുഡ് എർത്തിന്റെ അളവിനെക്കാൾ അധികം അളവ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം തുക കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/നിരക്ക് | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/ | അളവ് പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള | കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള | അധികം അനുവദിച്ച തുക/ചെലവ് വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | കരാറുകാരൻ /എം. ബുക്ക് നമ്പർ | അളവ് / കൺസോളിഡേഷന് ശേഷം അനുവദിച്ച നൽകിയ അളവ്./എം ബുക്ക് പ്രകാരം അനുവദിച്ച തുക | അളവ്/ 10% കൺസോളിഡേഷന് ശേഷം അനുവദനീയമായ അളവ്./അനുവദനീയമായ തുക | |
| | W-7-ആശാന്റങ്ങ്- ശാന്താലയം നടപ്പാത കോൺക്രീറ്റിംഗ് /RC/352525 | | | | |
| I | ഗുഡ് എർത്ത് 1121 /$M^3$ | സിയാദ് /1032/22-23 | 78.128$m^3$ / 70.31$m^3$ / 78817/-രൂപ | 71m3 / 63.9$m^3$ / 71631.9/-രൂപ | 7185/-രൂപ (UTR No.6274743084/07.10.23 |

മെറ്റീരിയൽ സപ്ലെയർ നൽകിയ ബില്ലിൽ അളവ് രേഖപ്പെടുത്തിയതിൽ ഉണ്ടായ പിശകാണ് എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/27.11.23) മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

സപ്ലെയർ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗുഡ് എർത്തിന്റെ അളവിനെക്കാൾ അധികം അളവ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം നൽകിയ 7,185/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-26 ഒരേ കാലയളവിൽ പ്രൈസ്-3 സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ച പ്രവൃത്തിയിൽ എർത്ത് വർക്ക് എക്സ്കവേഷന് കുറഞ്ഞ നിരക്കും കൂടിയ നിരക്കും നൽകി

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള രണ്ട് റോഡ് നിർമ്മാണ പ്രവൃത്തികളിൽ അതിനോടനുബന്ധിച്ച് കാണ നിർമ്മിക്കുന്നതിനായി എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിൽ MORD സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള കൂടിയ നിരക്കും, മറ്റൊന്നിന് CPWD സ്പെസിഫിക്കേഷൻ 3.5.1 പ്രകാരമുള്ള കുറഞ്ഞ നിരക്കമാണ് എർത്ത് വർക്ക് എക്സ്കവേഷന് നൽകിയിട്ടുള്ളത്.

| പ്രവൃത്തിയുടെ പേര് | സ്പെസിഫിക്കേഷൻ | നിരക്ക്/$m^3$ | പ്രവൃത്തിയുടെ അളവ് | നൽകിയ തുക |
|---|---|---|---|---|
| 9- വാർഡിൽ തെക്കോട്ടിൽ രാജീവ് ഭവനം റോഡ് നിർമ്മാണം- പ്രൊ.നം.S0084/23 | MORD 11.1.1.1 | 798.27 | 15.93 | 11446/- (നൽകേണ്ടത് 12716/-) |
| 8-ാം വാർഡിൽ | CPWD | 374.21 | 4.14 | 1549/- |

| | | | | |
|---|---|---|---|---|
| പള്ളിമുക്ക് കളക്കാട് റോഡ് നിർമ്മാണം-പ്രൊ.നം.S0080/23 | 3.5.1 | | | (നൽകിയത് -1663/-) |

CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള കുറഞ്ഞ നിരക്കിൽ ഈ പ്രവൃത്തി നിർവ്വഹിക്കാൻ കഴിയുമെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മണ്ണ് കുഴിച്ചെടുത്തുള്ള മറ്റ് പ്രവൃത്തികൾക്കെല്ലാം തന്നെ ഇപ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുമ്പോൾ കരാറുകാരന് അനർഹമായി തുക ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നു. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (8/24.11.23) ലഭ്യമാക്കിയ മറുപടിയിൽ MORD സ്പെസിഫിക്കേഷൻ 11.1.1.1 ൽ ബാക്ക് ഫില്ലിംഗ് ചെയ്യുന്നതിനുള്ള ലേബർ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഡ്രെയിൻ, സൈഡ് വാൾ തുടങ്ങിയ ഇനങ്ങളിൽ അനുയോജ്യമായത് 11.1.1.1 ആണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 8-ാം വാർഡിൽ പള്ളിമുക്ക് കളക്കാട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ മേൽ രേഖപ്പെടുത്തിയിട്ടുള്ള അധിക ലേബർ ഉൾപ്പെടാതിരുന്നത് മൂലമാണ്കുറഞ്ഞ നിരക്ക് ഉൾപ്പെട്ട CPWD സ്പെസിഫിക്കേഷൻ 3.5.1 അനുവദിച്ചതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ എക്സ്കവേഷന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രവൃത്തിയിൽ 4.14 $M^3$ മണ്ണും, കൂടിയ നിരക്ക് രേഖപ്പെടുത്തിയ പ്രവൃത്തിയിൽ 15.93 $M^3$ മണ്ണുമാണ് കുഴിച്ചെടുത്തിട്ടുള്ളത്. ഇതിൽ നിന്നും കൂടുതൽ അളവിൽ എക്സ്കവേഷൻ നടത്തുന്ന പ്രവൃത്തികളിൽ കരാറുകാരന് അനർഹമായി വളരെയധികം തുക ലഭിക്കുന്നുവെന്ന് വ്യക്തമാണ്. റോഡ് പ്രവൃത്തിയിൽ എക്സ്കവേഷന് കുറഞ്ഞ നിരക്ക് അനുവദിക്കുന്നത് തന്നെ പര്യാപ്തമാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം അധിക നിരക്ക് അനുവദിക്കുന്നത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ, ജില്ലയിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ മീറ്റിംഗിൽ വെച്ച്, എർത്ത് എക്സ്കവേഷന് ജില്ല മുഴുവൻ ഏകീകൃത സ്വഭാവം ഉണ്ടാകുന്നതിന് വേണ്ടി ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെങ്കിലും, ഈ നിരക്ക് ഈ ഇനം പ്രവൃത്തിക്ക് വളരെ ഉയർന്ന നിരക്കാണെന്നും, CPWD സ്പെസിഫിക്കേഷൻ നിരക്ക് അനുവദിച്ചിട്ട് പോലും, കരാറുകാരൻ അതേ നിരക്കിൽ മേൽ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതിൽ നിന്നും, കാണ നിർമ്മാണത്തിനോടനുബന്ധിച്ചുള്ള എക്സ്കവേഷന് ഇത് മതിയായ നിരക്ക് തന്നെയാണെന്ന് വ്യക്തമാണ്. ആയതിനാൽ ഈ ഇനം പ്രവൃത്തിക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്നത് സംബന്ധിച്ച് പുന:പരിശോധന നടത്തേണ്ടതാണ്.

1-27 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2022-23 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ അളവുപുസ്തകം/ പ്രോജക്റ്റ് നം. | ഈടാക്കിയ തുക | ഫണ്ടിനം | ബിൽ നമ്പർ തിയതി |
|---|---|---|---|---|
| 1 | 7-ാം വാർഡിൽ കളീക്കൽ മുക്ക് -പുഴക്കത്തോട് പുനരുദ്ധാരണം -പ്രോജക്റ്റ് നം. – S0027/23 | 2810/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 06/22-23,dt.20.05.22, Rs-19205/-(ഫൈനൽ ബിൽ) |

| | | | | |
|---|---|---|---|---|
| 2 | 11-ാം വാർഡിൽ നമ്പാട്ട് കല്ലത്ത് റോഡ് പുനരുദ്ധാരണം – പ്രോജക്റ്റ് നം – S0088/23 | 1124/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 19/22-23,dt.29.03.23, Rs-383506/- |
| 3. | 3-ാം വാർഡിൽ സ്റ്റാർ ജം.റോഡ് പുനരുദ്ധാരണം പ്രോജക്റ്റ് നം .– S0078/23 | 3932/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 18/22-23,dt.28.03.23, Rs-431000/- |
| 4. | 8-ാം വാർഡിൽ മായിയ്ക്കൽ മഞ്ഞാണിയിൽ റോഡ് പുനരുദ്ധാരണം. പ്രോജക്റ്റ് നം .– S0026/23 | 1190/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 1/22-23,dt.30.04.22, Rs-423618/- |
| | ആകെ | 9056/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം സഞ്ചിതനിധിയിൽ നിന്നും അധികം പിൻവലിച്ച തുക ചെലാൻ മുഖേന സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും നികുതിയും ഉൾപ്പെടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന തുക, ആ പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിൽ നിന്നുമുള്ള ചെലവാണ്. ആയതിനാൽ ഈയിനത്തിൽ സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെയും, കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവർത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നലകിയ എൻക്വയറിക്ക് (8/24.11.23) ലഭ്യമാക്കിയ മറുപടിയിൽ, തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും, സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവൃത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകകൾ സെക്രട്ടറി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 മരണശേഷവും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പെൻഷൻ അനുവദിക്കുന്നു

സേവന സോഫ്റ്റ്‌വെയറിലെ പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം നടത്തുന്നതിന് ബാങ്കുകളിലേക്ക് തുക നൽകിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് / വിലാസം | മരിച്ച തീയതി | പെൻഷൻതരം / ഐഡി | പെൻഷൻ കൈപ്പറ്റിയിട്ടുള്ള | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | അനർഹമായ കാലയളവ് | |
| 1 | വിജയൻപിള്ള, കോട്ടൂർ കിഴക്കതിൽ | 11.10.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം -104950201996 | 11/2022-03/2023 | 8000 (5x1600) |
| 2 | കമലാക്ഷി, പുത്തൻവീട് | 16.07.22 | കർഷകത്തൊഴിലാളി പെൻഷൻ 104950100278 | 08/2022-3/2023 | 14400/- (9x1600) |
| 3 | കല്യാണി കെ., പുളിമൂട്ടിൽ | 28.04.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104950200941 | 05/2022-11/2022 | 4200 (7x600) |
| 4 | കൃഷ്ണൻകുട്ടിനായർ, അമ്പിളിഭവനം, ചെറിയാശ്ശേരിൽ | 19.04.2022 | കർഷകതൊഴിലാളി പെൻഷൻ 104950100248 | 05/2022 - 09/2022 | 8000 (5x1600) |
| 5 | ഭാർഗ്ഗവി, നടയിൽ വടക്കതിൽ | 04.05.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104950201041 | 06/2022 -3/2023 | 6000/- (10x600) |
| 6 | കാർത്യായനി, മുട്ടത്തേഴത്ത് തറയിൽ | 26.04.2022 | കർഷകതൊഴിലാളിപെൻഷൻ 104950100531 | 05/2022-03/2023 | 17600/- (11x1600) |
| 7 | രോഹിണി, മണിഭവനം | 17.05.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104950200975 | 06/2022 -3/2023 | 16000 (10x1600) |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/29.11.23) 2019 മുതൽ 2023 വരെ ഇപ്രകാരം പെൻഷൻ കൈപ്പറ്റുന്ന 36 ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ച് അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. മേൽ വിവരിച്ച പ്രകാരം അനർഹമായ കാലയളവിൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കി വിശദാംശം നൽകേണ്ടതാണ്.

1-29 പ്രോജക്ട് ഭേദഗതി ചെയ്യാതെ അധിക തുക അനുവദിച്ചു

പ്രോജക്ട് നം.S0060/23

പദ്ധതി അനുബന്ധപ്രവർത്തനങ്ങൾ

അടങ്കൽ- 100000 (വികസന ഫണ്ട്)

ചെലവ് - 100000/-(BRN100467910/27.08.22)

ഗ്രാമ പഞ്ചായത്തിനാവശ്യമായ പ്രിന്റിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാസ് ഗ്രാഫിക്സ് ആന്റ് ഡിസൈൻസ് എന്ന സ്ഥാപനവുമായി 25.08.22-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും അതിൻപ്രകാരം പദ്ധതിരേഖ, ഗുണഭോക്തൃഫോറം, വികസനരേഖ തുടങ്ങിയവ പ്രിന്റ് ചെയ്യിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | സ്ഥാപനത്തിന്റെ ബിൽ നം./തീയതി/തുക | തുകഅനുവദിച്ച ബിൽ നം./തീയതി |
|---|---|---|---|---|
| 1 | കരട് പദ്ധതി രേഖ | 63828/- | 717/ 03.08.2022/ 184638 | (1) 100000/- BRN11100467910/ 27.08.22 (2)84738/- വൗച്ചർനം.22200560/ 29.11.22 |
| 2 | അന്തിമ പദ്ധതി രേഖ | 30900/- | | |
| 3 | വികസന രേഖ | 89910/- | | |
| 4 | നോട്ടീസ്, നെയിംബോർഡ് മുതലായവ | 3870 | 716/03.08.2022/ 3770 | വൗച്ചർനം.22200589/ 02.12.22 |
| ആകെ | | 188508 | | |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ ആകെ അടങ്കൽ തുക 1,00,000/- രൂപ ആയിരിക്കെ 1,88,508/- രൂപയുടെ പ്രിന്റിംഗ് ജോലികൾ മാസ് ഗ്രാഫിക്സ് ആന്റ് ഡിസൈൻസ് എന്ന സ്ഥാപനത്തെ എൽപ്പിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 19.11.2022-ലെ 1 (14) നമ്പർ തീരുമാനപ്രകാരം പ്രോജക്ട് ഭേദഗതി ചെയ്യാതെ തനത് ഫണ്ടിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് ബാക്കിയുള്ള 88,508/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/24.11.23.) ലഭ്യമാക്കിയ മറുപടിയിൽ പ്ലാൻ ഫണ്ട് ലഭ്യമല്ലാത്തതിനാലും തനത് ഫണ്ട് ഉൾപ്പെടുത്തേണ്ടതിനാലുമാണ് പ്രോജക്ട് ഭേദഗതി ചെയ്യാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. പ്രോജക്ട് തയ്യാറാക്കുമ്പോൾ മേൽ ന്യൂനത ആവർത്തിയ്ക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-30 അഗതി ആശ്രയ ഭക്ഷണവിതരണം

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ അഗതി ആശ്രയ പദ്ധതി സംബന്ധിച്ച ഫയൽ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിലവിൽ 203 അഗതികളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ജില്ലാ മിഷൻ പദ്ധതി പ്രകാരം കുടുംബശ്രീ എസ്കിക്യൂട്ടീവ് ഡയറക്ടറുടെ 04.11.20-ലെ കെ.എസ്/എൽ/7291/2018നമ്പർ ഉത്തരവനുസരിച്ച് ഗ്രാമ പഞ്ചായത്തിന് 35,56,559/- രൂപ മൂന്ന് തവണകളായി ചലഞ്ച് ഫണ്ട് അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആദ്യ ഗഡുവായി അനുവദിച്ചത് 11,85,520/- രൂപയാണ്. രണ്ടാം ഗഡു നാളിതുവരെ അനുവദിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രകാരം ലഭ്യമായ ചലഞ്ച് ഫണ്ട് തുകയും പിന്നീട് സെക്രട്ടറി നടപ്പിലാക്കിയ 163/23 നമ്പർ അഗതി ആശ്രയ ഭക്ഷണവിതരണം പദ്ധതി പ്രകാരം അനുവദിച്ച 1,60,000/-രൂപ ഉൾപ്പടെ ചെലവഴിച്ച് നിലവിലുള്ള അഗതികൾക്ക് ഭക്ഷ്യക്കിറ്റ് 2022 ഡിസംബർ മാസം വരെ നൽകിയിട്ടുണ്ട്.

ആവശ്യമായ തുക വകയിരുത്താത്തതിനാലും ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാലും അഗതി കുടുംബങ്ങൾക്ക് എല്ലാ മാസത്തിലും മുടക്കമില്ലാതെ ഭക്ഷ്യക്കിറ്റ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 11/23 ലും 2022 ഡിസംബർ വരെയുള്ള കിറ്റ് വിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്. നിർദ്ധന ജനവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതികൾ പ്രകാരമുള്ള ഭക്ഷ്യ വസ്തുക്കൾ മുടക്കം വരാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-31 പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെട്ട ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 12 ഇന പരിപാടികൾ നടപ്പിലാക്കണമെന്ന് കാണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനകീയ ഹോട്ടൽ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ പഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രാം വാർഡിലാണ് പ്രവർത്തിക്കുന്നതെന്നും നിലവിൽ ഇത് പ്രവർത്തനക്ഷമമാണോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.27/30.11.2023) ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ പദ്ധതിയായ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട ജനകീയ ഹോട്ടൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി കുടുംബശ്രീയുമായി യോജിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം മിതമായ നിരക്കിൽ നൽകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കെ.ആർ.നിധി ലിമിറ്റഡ് | 2022-23 Ist & IInd | 1250X2= 2500 |
| 2 | കോർഡിയൽ ഗ്രാമീൺ ഫിനാൻസ് | 2022-23 Ist & IInd | 1250X2= 2500 |
| 3 | ലക്ഷ്മി ഫിനാൻസ് | 2022-23 Ist & IInd | 1250X2= 2500 |

| | | |
|---|---|---|
| | ആകെ | 7,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 7,500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:11,27/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപ്പഞ്ചായത്തിലെ 10-ാം വാർഡിൽ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും 5 മീറ്ററിലധികം വഴി സൌകര്യമുള്ളതും ഗീതാകുമാരി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ 108.52 ച.മീ. വിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം: 10/16A,10/16B,10/16C,10/16D) കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച:മീറ്ററിന് 50/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 4 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി | കണക്കാക്കിയ വസ്തുനികുതി (സഞ്ചയ പ്രകാരം) |
|---|---|
| അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%)+<br>സർവീസ് ചാർജ്(5%)+<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്: 50രൂ /ച.മീ.) | അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%) +<br>സർവീസ് ചാർജ്(5%) +<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്: 40രൂ |

| | | |
|---|---|---|
| | | /ച.മീ.) |
| അടിസ്ഥാന നികുതി<br>108.52 X50 = 5426/-<br>വഴിസൌകര്യം(വർദ്ധനവ്20%)= 1085.2/-<br>ആകെ = 5426+1085.2 = 6511.2<br>സർവീസ് ചാർജ്(5%)= 326/-<br>ലൈബ്രറി സെസ്സ് (5%)= 326/-<br>ആകെ = 5426+1085+326+326<br>= 7,163/-/- | | 1) 10/16 A- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>2) 10/16 B- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>3) 10/16 C- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>4) 10/16 D- 27.13 $M^2$ @40/-<br>1085.2+217.04+65+65=1432<br>ആകെ = 5,728 /- |
| ആകെ | 7,163/- | 5,728/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 1,435/- |

മേൽ സൂചിപ്പിച്ച 4 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 1,435/-രൂപയുടെ നഷ്ടം ഉണ്ടായി. ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/തീയതി 26.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട 1,435/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ' തരത്തിലല്ല – അധിക ചെലവ്

സ.ഉ(അ)നം.01/04/ഐ&പി.ആർ.ഡി തീയതി 01.01.2004, പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 21.06.2004-ലെ 7441/ഡി-1/04/ഐ&പി.ആർ.ഡി നമ്പർ സർക്കുലർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം)

മാത്രമായിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക പദ്ധതികളുടെ ടെൻഡർ നടപടി ക്രമങ്ങൾക്ക് പത്രത്തിൽ നല്കിയ പരസ്യം നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളതായിരുന്നു. തന്മൂലം അധിക ചെലവിനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം./ തീയതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം / നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 22200078<br>09/05/22 | 321000121705<br>27.03.22<br>മാതൃഭൂമി | 40 $Cm^2$<br>275/$cm^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3x8 =24 $Cm^2$<br>24x275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 2 | 22200079<br>09/05/22 | 321000117415<br>17.03.22<br>മാതൃഭൂമി | 40 $Cm^2$<br>275/$cm^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3x8 =24 $Cm^2$<br>24x275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 3 | 22200092<br>12/05/22 | 321000109073<br>25.02.22<br>മാതൃഭൂമി | 40 $Cm^2$<br>275/$cm^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3x8 =24 $Cm^2$<br>24x275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 4 | 22200103<br>23/05/22 | 321000119274<br>19.03.22<br>മാതൃഭൂമി | 64 $Cm^2$<br>275/$cm^2$ | 17,600/-<br>Discount 15%<br>(-)2640<br>(+)GST (5%)748<br>=15708 | 3x8 =24 $Cm^2$<br>24x275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 9817 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 22200108<br>24/05/22 | 321000008377<br>26.04.22<br>മാതൃഭൂമി | 40 $Cm^2$<br>290/$cm^2$ | 11,600/-<br>Discount 15%<br>(-)1740<br>(+)GST (5%)493<br>=10,353 | 3×8 =24 $Cm^2$<br>24×290=<br>6960<br>Discount 15%<br>(-)1044<br>(+)GST (5%)296<br>=6212 | 4141 |
| 6 | 22200115<br>31/05/22 | 321000069231<br>14.11.21<br>മാതൃഭൂമി | 48 $Cm^2$<br>275/$cm^2$ | 13,200/-<br>Discount 15%<br>(-)1980<br>(+)GST (5%)561<br>=11781 | 3×8 =24 $Cm^2$<br>24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 5890 |
| 7 | 22200149<br>08/06/22 | 321000055975<br>09.10.21<br>മാതൃഭൂമി | 40 $Cm^2$<br>275/$cm^2$ | 11,000/-<br>Discount 15%<br>(-)1650<br>(+)GST (5%)468<br>=9818 | 3×8 =24 $Cm^2$<br>24×275=<br>6600<br>Discount 15%<br>(-)990<br>(+)GST (5%)281<br>=5891 | 3927 |
| 8 | 22200149<br>08/06/22 | ALP/21<br>/22/1882<br>17/2/22<br>ദേശാഭിമാനി | 32 $Cm^2$<br>180/$cm^2$ | 5760/-<br>Discount 15%<br>(-)864<br>(+)GST (5%)245<br>=5141 | 24×180=<br>4320<br>Discount 15%<br>(-)648<br>(+)GST (5%)184<br>=3856 | 1285 |
| 9 | 22200696<br>10.01.23 | 321000041754<br>26.07.22<br>മാതൃഭൂമി | 32 $Cm^2$<br>290/$cm^2$ | 9280/-<br>Discount 15%<br>(-)1392<br>(+)GST (5%)395<br>=8283 | 3×8 =24 $Cm^2$<br>24×290=<br>6960<br>Discount 15%<br>(-)1044<br>(+)GST (5%)296<br>=6212 | 2071 |
| 10 | 22200474 | 321000034184 | 40 $Cm^2$ | 11,600/- | 3×8 =24 $Cm^2$ | 4141 |

| | | | | | | |
|---|---|---|---|---|---|---|
| | | 03.07.22 മാതൃഭൂമി | $290/cm^2$ | Discount 15% (-)1740 (+)GST (5%)493 =10,353 | 24×290= 6960 Discount 15% (-)1044 (+)GST (5%)296 =6212 | |
| | 17.10.22 | 321000047948 12.08.22 മാതൃഭൂമി | 32 $Cm^2$ $290/cm^2$ | 9280/- Discount 15% (-)1392 (+)GST (5%)395 =8283 | 3×8 =24 $Cm^2$ 24×290= 6960 Discount 15% (-)1044 (+)GST (5%)296 =6212 | 2071 |
| | ആകെ | | | | | 45,124/- |

സർക്കാർ നിർദ്ദേശം പാലിക്കാതെ ഇത്തരത്തിൽ ചട്ട വിരുദ്ധമായി അനുവദനീയമായതിലും അധികം വലുപ്പത്തിൽ പത്രങ്ങളിൽ പരസ്യങ്ങൾ നൽകിയത് മൂലം 45,124/- രൂപയുടെ അധികച്ചെലവിനിടയായി. തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിച്ച് പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 45,124/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ടെണ്ടർ/ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മത്സ്യത്തൊഴിലാളികൾക്ക് പിവിസി വാട്ടർ ടാങ്ക് -കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
പ്രോജക്ട് നം. S0152/23
പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികൾക്ക് പിവിസി ടാങ്ക്

അടങ്കൽ - 75,000/- (വികസനഫണ്ട് )

ചെലവ് - 47220/- (ബിൽ നം. 01/22-23/31.03.23)

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ മത്സ്യത്തൊഴിലാളികൾക്ക് പിവിസി ടാങ്ക് പദ്ധതിയുടെ ടെൻഡർ പരസ്യത്തിൽ (എ1 /647/2023 തീയതി 27.2.23) പിവിസി ടാങ്കിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയത് വെള്ള നിറത്തിലുള്ള ടാങ്ക്, 500ലി.കപ്പാസിറ്റി 3 ലെയർ ISI Certified എന്നാണ്. സൌത്ത് ഇൻ പോളിമേഴ്സ്, പുത്തൻപുരക്കൽ ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങളാണ് പദ്ധതിക്കായി ക്വട്ടേഷൻ സമർപ്പിച്ചത്. സൌത്ത് ഇൻ പോളിമേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്പെസിഫിക്കേഷൻ | തുക |
|---|---|
| വെള്ള നിറത്തിലുള്ള ടാങ്ക്, 500ലി.കപ്പാസിറ്റി 3 | 3149/- |

| | |
|---|---|
| ലെയർ,ISO Certified Warranty 10yrs,Weight 16 Kg | |
| വെള്ള നിറത്തിലുള്ള ടാങ്ക്, 500ലി.കപ്പാസിറ്റി 3 ലെയർ,ISO Certified,Warranty 10yrs,Weight 13 Kg | 2599/- |

എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 14.03.23-ലെ 2(2) തീരുമാന പ്രകാരം 3,149/- രൂപ നിരക്കിൽ സൌത്ത് ഇൻ പോളിമേഴ്സ് ,തെങ്കുറിശ്ശി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്നുമാണ് ഇരുപത് വാട്ടർ ടാങ്ക് വാങ്ങിയത്. മേൽ വിവരിച്ച രണ്ട് സ്പെസിഫിക്കേഷനുകൾ പരിശോധിച്ചതിൽ Weight ൽ മാത്രമാണ് വ്യത്യാസമുള്ളത്. Weight ന്റെ വിവരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിരുന്നുമില്ല. Weight ന്റെ വിവരം രേഖപ്പെടുത്താതെ SEATECH WHITE PREMIUM 500 LTR എന്ന് മാത്രമാണ് സാധനം സപ്ലൈ ചെയ്ത Tax Invoice ലും രേഖപ്പെടുത്തിയിട്ടുള്ളത്. ടെൻഡർ പരസ്യത്തിൽ ആവശ്യപ്പെട്ട വിധം സ്പെസിഫിക്കേഷനുള്ള ടാങ്ക് കുറഞ്ഞ നിരക്കിൽ ലഭിക്കുമെന്നിരിക്കെ അത് പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള സാധനം വാങ്ങിയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.11.23) നൽകിയ മറുപടിയിൽ, പിവിസി വാട്ടർ ടാങ്കിന്റെ ഗുണനിലവാരം ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് ഉയർന്നനിരക്കിലുള്ള ടാങ്ക് വാങ്ങിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. വാങ്ങിയ പിവിസി വാട്ടർ ടാങ്കിന്റെ ഗുണമേന്മ നേരിട്ട് ബോധ്യപ്പെട്ടതായുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും (തീയതി 27.11.23) മറുപടിക്കൊപ്പം ഹാജരാക്കി.

എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ ഈ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പിവിസി വാട്ടർ ടാങ്ക് വാങ്ങിയതിന്റെയോ ആയതിന്റെ ഗുണമേൻമ സംബന്ധിച്ചോ യാതൊരുവിവരവും രേഖപ്പെടുത്തിയിട്ടില്ല. 14.03.23-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലും വാട്ടർ ടാങ്കിന്റെ ഗുണമേൻമ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. "സൌത്ത് ഇൻ പോളിമേഴ്സ്, തെങ്കുറിശ്ശി, പാലക്കാട് എന്നയാളിന്റെ റേറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചുവെന്നും ആയത് പ്രകാരം 3,149/-രൂപ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങുന്നതിന് തീരുമാനിച്ചു" എന്നും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ഹാജരാക്കിയ ഇനങ്ങളുടെ വ്യത്യസ്ത നിരക്ക് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ അഭിപ്രായം അറിയിച്ചതിന്റെ വിവരവും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്താത്തതിൽ നിന്നും നിരക്കിലെ വ്യത്യാസം പഞ്ചായത്ത് കമ്മറ്റി പരിഗണിച്ചില്ല എന്നത് വ്യക്തമാകുന്നു.

മേൽ വിവരിച്ചതിൽ നിന്നും സപ്ലൈചെയ്ത സാധനത്തിന്റെ ഗുണമേൻമ സംബന്ധിച്ച് യാതൊരു വിശകലനവും നടന്നിട്ടില്ല എന്നത് വ്യക്തമാണ്. മാത്രവുമല്ല രണ്ട് ഇനങ്ങൾക്കും സ്ഥാപനം പത്ത് വർഷം ഗ്യാരന്റി ഉറപ്പാക്കുന്നുമുണ്ട്. സാധനത്തിന്റെ ഗുണമേൻമ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ട ചുമതല പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ നിക്ഷിപ്തമാകയാൽ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസിഡന്റ് ഹാജരാക്കിയ സാക്ഷ്യപത്രവും പരിഗണിക്കാവുന്നതല്ല. ആയതിനാൽ പദ്ധതിക്കായി അധികം ചെലവഴിച്ച 8,240/- രൂപ [47220(3149x75%x20)-38980 (2599x75%x20)] ഓഡിറ്റിൽ നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കി മറുപടി നൽകേണ്ടതാണ്.

## 3-3 കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി തുക അനുവദിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ ഗ്രാവൽ ഉപയോഗിച്ചുള്ള

ഫില്ലിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രഡ് എർത്തിന്റെ അളവിനെക്കാൾ അധികം അളവ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം തുക കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/നിരക്ക് | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/ കരാറുകാരൻ /എം. ബുക്ക് നമ്പർ | അളവ് പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള അളവ് / കൺസോളിഡേഷന് ശേഷം അനുവദിച്ച് നൽകിയ അളവ്./എം ബുക്ക് പ്രകാരം അനുവദിച്ച തുക | കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവ്/ 10% കൺസോളിഡേഷന് ശേഷം അനുവദനീയമായ അളവ്./അനുവദനീയമായ തുക | അധികം അനുവദിച്ച തുക/ചെലവ് വിവരം |
|---|---|---|---|---|---|
| | W-7-ആശാന്റങ്ങ്- ശാന്താലയം നടപ്പാത കോൺക്രീറ്റിംഗ് /RC/352525 | | | | |
| I | ഗ്രഡ് എർത്ത് 1121 /$M^3$ | സിയാദ് /1032/22-23 | 78.128$m^3$ / 71$m^3$ / 78806/-രൂപ | 71$m^3$ / 63.9$m^3$ / 71631.9/-രൂപ | 7174/-രൂപ (UTR No.6274743084/07.10.23 |

മെറ്റീരിയൽ സപ്ലൈയർ നൽകിയ ബില്ലിൽ അളവ് രേഖപ്പെടുത്തിയതിൽ ഉണ്ടായ പിശകാണ് എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/27.11.23) മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

സപ്ലൈയർ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രഡ് എർത്തിന്റെ അളവിനെക്കാൾ അധികം അളവ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം നൽകിയ 7,174/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-4 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകിയിരിക്കുന്നത് ഗ്രാമലക്ഷ്മി മൈക്രോ സംരംഭകയൂണിറ്റ് ആണ്. ടി യൂണിറ്റുമായി സെക്രട്ടറി കരാറിലേർപ്പെട്ടിട്ടുള്ളതുമാണ്. 2022-23 വർഷം വിവിധ ബില്ലുകൾ പ്രകാരം 4,95,000/- രൂപ ഗ്രാമലക്ഷ്മി മൈക്രോ സംരംഭകയൂണിറ്റിന് അനുവദിച്ചിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% സ്ഥാപനങ്ങളാണെങ്കിൽ 2% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് ഗ്രാമലക്ഷ്മി മൈക്രോസംരംഭകയൂണിറ്റിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/27.11.23) നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. 4,95,000/- രൂപയുടെ 2% ആയ 9,900/- ആദായ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-5 വക്കീൽ ഫീസ് നൽകിയത് - ആദായനികുതി ഈടാക്കിയില്ല

മുതുകുളം ഗ്രാമപഞ്ചായത്ത് കക്ഷിയായി വിവിധ കോടതികളിൽ ഉള്ള കേസുകൾക്കായി ഹാജരായ അഡ്വ.അനിൽ കുമാറിന് 2022-23 കാലയളവിൽ വക്കീൽ ഫീസ് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക |
|---|---|
| 22200473 / 17.10.22 | 25,000 |
| 22200493 / 29.10.22 | 1,52,500 |
| 22200940 /25.03.22 | 91,000 |
| ആകെ | 2,68,500 |

1961-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസ് നല്കുമ്പോൾ 10% തുക ടി.ഡി.എസ് അതിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ അഡ്വ.അനിൽ കുമാറിന് മേൽ പ്രകാരം വക്കീൽ ഫീസ് അനുവദിച്ചതിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല.ആദായ നികുതി ഈടാക്കാതെ ഫീസ് അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 20/29.11.23 ന് ആദായ നികുതി ഇനത്തിൽ ഇടാക്കേണ്ടിയിരുന്ന 26,850/- രൂപ വക്കീലിന്റെ കൈയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ സർക്കാരിനു നഷ്ടമായ 26,850/- രൂപ അഡ്വ.അനിൽകുമാറിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

3-6 തെരുവ് വിളക്ക് മെയിന്റനൻസ് കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല

1.പ്രോജക്ട് നം. - S0134/23(Spill Over)

പ്രോജക്ടിന്റെ പേര് -തെരുവ് വിളക്ക് മെയിന്റനൻസ്
നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി
അടങ്കൽ തുക -1,50,000/- (വികസനഫണ്ട്)

ചെലവ് - 1,50,000/- (BRN 11100451339/24.08.22)

2.പ്രോജക്ട് നം. - S0123/23
പ്രോജക്ടിന്റെ പേര് – തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ തുക -2,00,000/- (തനത് ഫണ്ട്)

ചെലവ് - 1,92,000/- (169/13.03.23)

മേൽ പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ച് അനസ് എസ്, ന്യൂ ടെക്ക് അസോസിയേറ്റ്സ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതാണ്. ഓരോവാർഡിലും റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രോജക്ടിലുമായി 3,42,000/- രൂപ ശ്രീ.അനസ് എസ്.ന് അനുവദിച്ചിട്ടുണ്ട്.
I.പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെ വിവരങ്ങൾ, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.തെരുവുവിളക്കുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽഓഫീസറെ

ച്ചമതലപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായുള്ള പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3.തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് വാർഡുതല മോണിട്ടറിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനംവിലയിരുത്തിയിട്ടില്ല.
4.ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി. സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5.പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി.യും സംയുക്തപരിശോധന നടത്തിയെങ്കിലും ആയതിന്റെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
II. കരാറുകാരനിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല.
പ്രസ്തുത രണ്ട് പ്രോജക്ടിലുമായി 3,42,000/- രൂപ കരാറുകാരനായ ശ്രീ.അനസ് എസ്.ന് നൽകിയിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ ശ്രീ.അനസ് എസ്.ൽ നിന്നും ഇപ്രകാരം നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.11.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും ആദായനികുതി (3,420/- രൂപ) ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 17,51,646 | ലൈഫ് ഭവന പദ്ധതി | 17,51,646 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 76,040 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളര്ഷിപ്പ് | 76,040 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,59,610 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളര്ഷിപ്പ് | 2,59,610 | 0 |
| ജില്ലാ | 2022-23 | 1,75,000 | അനുപൂരക | 1,75,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പോഷകാഹാരം | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (പ്രോജക്റ്റ് നം.S0001/23) | 123/06/02/2023 | 4,00,020 | 0 | 4,00,020 |
| | | 124/14/02/2023 | 7,93,980 | 0 | 7,93,980 |
| | | BRN1146572/06 /02/23 | 61,260 | 0 | 61,260 |
| കോസ്റ്റ് ഫോർഡ് | MCFനിർമ്മാണം പ്രോജക്റ്റ് നം.S0135/23) | 121/06.02.23 | 6,76,000 | 0 | 6,76,000 |
| | | 182/20.03.23 | 3,44,761 | 0 | 3,44,761 |
| | | BRN101425816/ 20.03.23 | 30,639 | 0 | 30,639 |
| | | 181/20.03.23 | 3,00,600 | 0 | 3,00,600 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ വായ്പ | ഇല്ല | 2,66,84,772 | 29,81,574 | - | 2,37,03,198 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രശീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ആളുടെ പേരും ഉദ്യോഗപ്പേരും | നമ്പർ/തിയ്യതി |
|---|---|---|---|---|
| 2014-15 | 3-4 | 4,600 | ശ്രുതി, വി.ഇ.ഒ. | 1220102307/15.10.22 |
| 2018-19 | 1-18, (3-1) | 5,200 | ഓമന, ഹെഡ്മിസ്ട്രസ്സ് | 1220102314/15.10.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 3,73,19,275/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 3,81,25,777/- |
| വരവിനങ്ങളിലുള്ള നഷ്ടം | : 8,935/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 53,364/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 26,16,080/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 7,500/- | | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-2 | 1,435/- | | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 3-1 | | 45,124/- | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 3-2 | | 8,240/- | ശ്രീമതി പൂജ ചിത്തിര, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | 8,935/- | 53,364/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 12,55,260 | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 1-18 | 13,52,000 | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 1-19 | 8,820 | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| ആകെ | 26,16,080/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 26850/- | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 3-6 | 3420/- | ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 3-4 | 9900/- | ശ്രീ.രാഹുൽ ആർ., അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| 3-3 | 7,185/- | ശ്രീ.രാഹുൽ ആർ., അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി |
| ആകെ | 47,355/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജെ.ബീനാമോൾ, സെക്രട്ടറി | സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത് | നഹാസ് വില്ല, കണ്ടല്ലൂർ |

| | | |
|---|---|---|
| | | സൌത്ത്, കണ്ടല്ലൂർ പി.ഒ. |
| ശ്രീമതി പൂജ ചിത്തിര, ഫിഷറീസ് ഇൻസ്ടക്ടർ | ഫിഷറീസ് ഇൻസ്ടക്ടർ മുതുകുളം ഗ്രാമപഞ്ചായത്ത് | കൈലാസം, കനകകുന്ന്, മുതുകുളം സൌത്ത് |
| ശ്രീ.രാഹുൽ ആർ., അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., മുതുകുളം ഗ്രാമപഞ്ചായത്ത് | കാക്കാന്റയ്യത്ത് മുതുകുളം സൌത്ത് പി.ഒ. |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2003-04 വരെ | എൽ.എഫ്.ജി.എ.5-1832/11, തീയതി – 31.01.2012 |
| 2005-06 | എൽ.എഫ്.ജി.എ.13-1174/13, തീയതി – |
| 2006-07 | എൽ.എഫ്.ജി.എ.13-699/10, തീയതി – 18.12.2010/31.12.2010 |
| 2007-08 | എൽ.എഫ്.പി7-607/12 തീയതി – 08.02.2012 |
| 2008-09 | എൽ.എഫ്.എ.പി4-820/12, തീയതി – 05.11.2012 |
| 2009-10 | എൽ.എഫ്.എ.പി4-1403/13, തീയതി – 21.02.2014/05.04.2014 |
| 2010-11, 2011-12, 2012-13 | കെ എസ് എ എൽ പി.പി4-1306/22 /02.05.23 |
| 2013-14 | കെ എസ് എ എൽ പി.പി4-1306/22 /02.05.23 |

| | |
|---|---|
| 2014-15 | കെ എസ് എ എ എൽ പി.പി4-1306/22 /02.05.23 |
| 2015-16 | കെ എസ് എ എ എൽ പി.പി4-1306/22 /02.05.23 |
| 2016-17 | കെ എസ് എ എ എൽ പി.പി4-1306/22 /02.05.23 |
| 2017 -18 | കെ എസ് എ എ എൽ പി.പി4-1306/22 /02.05.23 |
| 2018-19 | കെ എസ് എ എ എൽ പി.പി4-1306/22 /02.05.23 |
| 2019-20 | കെ.എസ്.എ-എ.എൽ.പി.പി4-1158/21, 19.03.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി.പി4-1159/21, 19.03.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി.പി4-1086/2022 /29.09.2022 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Muthukulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Muthukulam Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Muthukulam Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Ratios, the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Amount directly debited by bank ,Rs. 1697/- (04.06.22) as per the bank reconcilation statement of SBI E Payment account not regularised.

4. MGNREGS expenditure amount entered wrongly in I 14 (f) .

5. Depreciation not provided for Sewerage & Drainage, Water Ways, and Other fixed assets in the Balance sheet.

6. Asset Register and Loan Register are not maintained properly and not match with AFS.

7. Lapses in making timely and accurate demand entries in respect of tax and non tax revenues.

8. Amount Deposited for Deposit works in KSEB and COSTFORD not accounted properly in B18 Schedule.

9. Property Tax demand and collection (Residential & Non-Residential) amount mismatch with amount in sanchaya statement.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്